**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1420** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>സെക്രട്ടേറിയറ്റ് കമ്പ്യൂട്ടർ അസിസ്റ്റന്റ് നിയമനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. അൻവർ സാദത്ത് ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സെക്രട്ടേറിയറ്റ് കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ നിന്നും സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ 2024 മുതൽ 2026 വരെയുള്ള വർഷങ്ങളിൽ കാറ്റഗറി മാറ്റത്തിലൂടെ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റൻറ്, മറ്റ് തസ്തികകൾ എന്നിവയിലേക്ക് എത്രപേർ മാറിയിട്ടുണ്ടെന്ന വിവരം വർഷവും തസ്തികയും തിരിച്ച് ലഭ്യമാക്കുമോ; ഇപ്രകാരം സെക്രട്ടേറിയറ്റ് കമ്പ്യൂട്ടർ അസ്റ്റിസ്റ്റന്റ് ഗ്രേഡ് II & I തസ്തികകളിൽ എത്ര ഒഴിവുകളാണ് നിലവിൽ വന്നതെന്നും, കാറ്റഗറി മാറ്റത്തിലൂടെ വന്ന കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിലെ ഒഴിവുകൾ സമയബന്ധിതമായി പി.എസ്.എസി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും ഓരോ വർഷവും എത്ര ഒഴിവുകൾ വീതം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സെക്രട്ടേറിയറ്റ് കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ നിന്നും സെക്രട്ടേറിയറ്റിലെ പൊതുഭരണം, ധനകാര്യം, നിയമം എന്നീ വകുപ്പുകളിൽ 2024 മുതൽ 2026 വരെയുള്ള വർഷങ്ങളിൽ കാറ്റഗറി മാറ്റത്തിലൂടെ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, മറ്റ് തസ്തികകൾ എന്നിവയിലേക്ക് മാറിയിട്ടുള്ള ജീവനക്കാരുടെ വർഷവും തസ്തികയും തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| വർഷം | തസ്തിക - എണ്ണം |
|---|---|
| 2024 | അസിസ്റ്റന്റ് -19<br>സെക്ഷൻ ഓഫീസർ- 4 |
| 2025 | അസിസ്റ്റന്റ് -43<br>സെക്ഷൻ ഓഫീസർ- 5 |
| 2026 | അസിസ്റ്റന്റ് - 4 |

സീനിയർ ഗ്രേഡ് കമ്പ്യൂട്ടർ അസിസ്റ്റന്റ്തസ്തികയിൽ നിന്നുമാണ് കമ്പ്യൂട്ടർ അസിസ്റ്റന്റ് ജീവനക്കാർ മറ്റ് തസ്തികകളിലേക്ക് തസ്തികമാറ്റ നിയമനം നേടുന്നത്. എന്നാൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് ▯ തസ്തികയിൽ നിന്നും ജീവനക്കാർ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് I തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നേടുന്ന മുറയ്ക്കാണ് കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് ▯ തസ്തികയിൽ പുതിയ ഒഴിവുകൾ ഉണ്ടാകുന്നത്. ഇക്കാരണത്താൽ തസ്തികമാറ്റ നിയമനം വഴി കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിലെ

ജീവനക്കാർ മറ്റ് തസ്തികകളിലേക്ക് മാറുന്നത് കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് ▯ തസ്തികയിലെ ഒഴിവുകളായി ഉടനടി കണക്കാക്കുവാൻ കഴിയാത്തതിനാൽ ടി ഒഴിവുകൾ ഉടനടി പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ കഴിയുകയില്ല. കമ്പൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് ▯ തസ്തികയിൽ 2024-ലേതായി 10 ഒഴിവുകളും 2025-ലേതായി 5 ഒഴിവുകളും 2026-ലേതായി 5 ഒഴിവുകളും പി.. എസ്. സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

**(ബി)** ഇപ്രകാരം തസ്തിക മാറിയതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടേറിയറ്റ് കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലുണ്ടായ ഒഴിവുകൾ മേൽ പറഞ്ഞ വർഷങ്ങളിൽ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ; അങ്ങനെ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാതെ എത്ര ഒഴിവുകൾ മാറ്റിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ 2024-ലേതായി 10 ഒഴിവുകളും 2025-ലേതായി 5 ഒഴിവുകളും 2026 ലേതായി 5 ഒഴിവുകളും പി.എസ്.സി.-യ്ക്ക് റിപ്പോർട്ട്ചെയ്തിട്ടുണ്ട്.

**(സി)** സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ 2024 മുതൽ 2026 വരെയുള്ള വർഷങ്ങളിൽ വിരമിക്കൽ മൂലം സെക്രട്ടേറിയറ്റ് കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്ന വിവരം വർഷം തിരിച്ച് ലഭ്യമാക്കുമോ; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഇനി എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സെക്രട്ടേറിയറ്റിലെ പൊതുഭരണം, ധനകാര്യം, നിയമം എന്നീ വകുപ്പുകളിൽ 2024 മുതൽ 2026 വരെയുള്ള വർഷങ്ങളിൽ വിരമിക്കൽ മൂലം സെക്രട്ടേറിയറ്റ് കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ ഉണ്ടായിട്ടുള്ള ഒഴിവുകളും ആയത് പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്ത വർഷം തിരിച്ചുള്ള വിവരവും ചുവടെ ചേർക്കുന്നു.

| വർഷം | വിരമിയ്ക്കൽ ഒഴിവുകൾ | പി.എസ്.സി- യ്ക്ക് റിപ്പോർട്ട് ചെയ്തത് |
|---|---|---|
| 2024 | 43 | 43 |
| 2025 | 28 | 28 |
| 2026 | 5 | 5 |

**(ഡി)** സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ 2024 മുതൽ 2026 വരെയുള്ള വർഷങ്ങളിൽ സെക്രട്ടേറിയേറ്റ് കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ നിന്നും ഗ്രേഡ് I ലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഈ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ഒരോ വർഷവും എത്ര ഒഴിവുകൾ വീതമെന്നും ഇനി എത്ര ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ 2024 മുതൽ 2026 വരെയുള്ള വർഷങ്ങളിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ നിന്നും ഗ്രേഡ് I-ലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ്ഗ്രേഡ് II തസ്തികയിൽ ഉണ്ടായിട്ടുള്ള 7 ഒഴിവുകളിൽ 2024-ലെ

4 ഒഴിവുകളും 2025-ലെ 1-ഒഴിവും 2026-ലെ 2 ഒഴിവും യഥാസമയം പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**(ഇ)** സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യാറുണ്ട്.

**സെക്ഷൻ ഓഫീസർ**